പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

09.03.2017 ൽ മറുപടിക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2542

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.എം.സ്വരാജ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന്, തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പു വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ (സാ.ധാ) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേക്കായി വിവിധ വകുപ്പു കളെ ഏകോപിപ്പിച്ചു കൊണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി)1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതി നുള്ള നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവർക്ക് താമസസൗകര്യം ലഭ്യമാക്കാൻ 'അപ്നാഘർ' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാ വിധ സൗകര്യങ്ങളു മുള്ള ഹോസ്റ്റലാണിവിടെ പണിതു വരുന്നത്. ടി മാതൃകയിൽ തിരുവന ന്തപുരം/എറണാകുളം/കോഴിക്കോട് ന ഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണ നയിലാണ്. |
| (സി) | എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും നിലവിൽ തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് മുഖേന നടത്തുന്ന കുടിയേറ്റതൊഴിലാളിക്ഷേമപദ്ധതിയിൽ, ടി ബോർഡിന്റെ കണക്കു പ്രകാരം31/12/16 വരെ 54,350 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്.ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തി ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (ഡി) | ഇവരുടെ വിവരശേഖരണവും ആരോഗ്യ സംരക്ഷണവും ലക്ഷ്യമാക്കി ആവാസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു. ഇതര |

സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

സെക്ഷൻ ഓഫീസർ